**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 498** — **09-07-2024 - ൽ മറുപടിയ്ക്ക്**

**ബാങ്കേഴ്സ് സമിതിയുടെ വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി സംബന്ധിച്ച് സംസ്ഥാന ബാങ്കേഴ്സ് സമിതി വിലയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ധനകാര്യ ബാങ്കുകൾ മുഖേന വ്യാവസായിക മേഖലയ്ക്ക് നൽകി വരുന്ന വായ്പകളിൽ കഴിഞ്ഞ 3 വർഷമായി വർദ്ധനവ് രേഖപ്പെടുത്തുന്നതായി സംസ്ഥാന ബാങ്കേഴ്സ് സമിതി വിലയിരുത്തിയിട്ടുണ്ട്. 2021-22 കാലഘട്ടത്തിൽ വിതരണം ചെയ്ത വായ്പ തുകയിൽ നിന്നും 2023-24 കാലഘട്ടത്തിലെ വായ്പാ തുകയിൽ എത്തുമ്പോൾ ഏകദേശം 41.8 ശതമാനത്തിന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിലുള്ള നിക്ഷേപകരുടെ വിശ്വാസം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സർക്കാർ നടപടികൾ ഈ മുന്നേറ്റത്തിന് പ്രധാന കാരണമായി പരിഗണിക്കാവുന്നതാണെന്നും വ്യാവസായിക വായ്പകളുടെ സുഗമമായ വിതരണം ബിസിനസുകൾക്കുള്ള മൂലധനം കണ്ടെത്തൽ കൂടുതൽ എളുപ്പമാക്കിയതായും ബാങ്കേഴ്സ് സമിതി നിരീക്ഷിക്കുന്നു. |
| (ബി) | വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് വിവിധ മേഖലകളിലായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി നിക്ഷേപം നടത്തുന്നതിനായി സംസ്ഥാനത്തെ ബാങ്കുകൾ വായ്പയായി നൽകിയിട്ടുള്ള തുക സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള പ്രസ്തുത സമിതിയുടെ ഈ വർഷത്തെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് വിവിധ മേഖലകളിലായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ കേരളത്തിലെ വ്യാവസായിക മുന്നേറ്റത്തിന് പ്രധാന കാരണമായി കണക്കിലെടുക്കാവുന്നതാണ്. കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിലെ ധനകാര്യ ബാങ്കുകൾ മുഖേന വിതരണം ചെയ്ത മൊത്തം വായ്പ തുകയിൽ വന്ന വർദ്ധനവ് കേരളത്തിൽ നടക്കുന്ന വ്യാവസായിക പുരോഗതിയുടെ ചൂണ്ടുപലകയാണ്. സംസ്ഥാന ബാങ്കേഴ്സ് സമിതിയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിൽ വ്യാവസായിക മേഖലയിൽ വിതരണം ചെയ്ത വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>DATA ON CUMULATIVE DISBURSEMENT UNDER INDUSTRIAL ADVANCES FROM |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td colspan="4">APRIL TO MARCH</td></tr>
<tr><td rowspan="2">ക്രമ നം</td><td rowspan="2">വർഷം</td><td colspan="2">INDUSTRIAL ADVANCE</td></tr>
<tr><td>അക്കൗണ്ട്</td><td>തുക (ലക്ഷത്തിൽ)</td></tr>
<tr><td>1.</td><td>2021-22</td><td>867028</td><td>5084493</td></tr>
<tr><td>2.</td><td>2022-23</td><td>422213</td><td>5278800</td></tr>
<tr><td>3.</td><td>2023-24</td><td>570792</td><td>7211673</td></tr>
<tr><td colspan="2">2021 മുതൽ 2024 വരെ ആകെ വിതരണം ചെയ്ത തുക</td><td>1860033</td><td>17574966</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നിക്ഷേപ പ്രവർത്തനങ്ങളുടെ അനന്തരഫലമെന്താണെന്ന് വിശദമാക്കുമോ?</td>
<td>(സി)</td>
<td>വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസുകളും മറ്റ് അനുമതികളും വേഗത്തിൽ ലഭ്യമാക്കാൻ നടപ്പിലാക്കിയ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ്, സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കുള്ള ഇൻഷ്വറൻസ് സഹായം, "എന്റെ സംരംഭം നാടിന്റെ അഭിമാനം" എന്ന ആശയം ഉയർത്തിപ്പിടിച്ച സംരഭക വർഷം, 1000 സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരഭങ്ങളെ തിരഞ്ഞെടുത്ത് 4 വർഷം കൊണ്ട് അവ ഓരോന്നിന്റെയും ശരാശരി വിറ്റുവരവ് 100 കോടിയിലെത്തിക്കുക എന്നത് ലക്ഷ്യമാക്കിയ എം.എസ്. എം.ഇ സ്കെയിൽ അപ്പ് മിഷൻ -1000 പോലെയുള്ള പദ്ധതികളും ഇത്തരം സർക്കാർ പദ്ധതികൾക്കു കേരളത്തിലെ ധനകാര്യ ബാങ്കുകൾ നൽകിയ പിന്തുണയും കേരളത്തിലെ വ്യാവസായിക പുരോഗതിക്കും നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിനും കാരണമായി എന്നാണ് എസ് എൽ ബി സി ഫോറം നിരീക്ഷിക്കുന്നത്.<br><br>ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28 -ാം സ്ഥാനത്തു നിന്നും 15 -ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 02/07/2024 വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ 2,68,150 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 17,729 കോടി രൂപയുടെ നിക്ഷേപവും 5,93,070 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ